പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇ മെയിൽ: rarsamb@kau.in / adramb@kau.in

നമ്പർ. ഇ. 1372/2013 തീയതി 26.12.2021

## റീ ടെൻഡർ നോട്ടീസ്

ഈ സ്ഥാപനത്തിലെ 8,13 ബ്ലോക്കുകളിൽ നിൽക്കുന്ന ഇതോടൊപ്പം അനുബന്ധമായി കൊടുത്തിട്ടുള്ള വിവിധ ഇനങ്ങളിൽപെട്ട (13 + 54 ) 67 മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ലേ ലം ചെയ്ത് എടുക്കുവാൻ തല്പരരായവരിൽനിന്നും മത്സരാടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 1372 /2013 |
| ടെൻഡറുകൾ ലഭിക്കേ അവസാന തീയതിയും സമയവും | **12.01.2022 11.00 am** |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | **12.01.2022 11.40 am** |
| നിരത ദ്രവ്യം (EMD) | **ക്വാട്ട് ചെയ്യുന്ന തുകയുടെ 1.5%** /- |
| ടെൻഡർ വില | **400+ 72/- (GST 18%) = 472/-** |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡർ ലഭിക്കേ മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്,<br>പിൻകോഡ്–673 593 |
| **മേലെഴുത്ത്: ബ്ലോക്കുകളിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള റീ ടെൻഡർ** | |

**നിബന്ധനകൾ**

1. പ്രസ്തുത മരങ്ങൾ അമ്പലവയൽ ആർ എ ആർ എസ്സിലെ ബ്ളോക്ക് **8** ൽ ഉള്ള 13 മരങ്ങളും ബ്ളോക്ക് 13 ൽ 54 മരങ്ങളും (മരങ്ങൾ നമ്പർ ചെയ്തിട്ടുണ്ട്.)
2. **ഓരോ മരങ്ങളുടെയും വില പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്**
3. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ടെൻഡറുകൾ പരിഗണിക്കുന്നത ല്ല. കെ എ യു വെബ് സൈറ്റിൽ നിന്നും എടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം . ടെൻഡർ ഫോമിന്റെ അവസാന രണ്ടു പുറങ്ങളിലുള്ള മാതൃക എഗ്രിമെൻറ് 200/- രൂപയുടെ കേരള സർക്കാർ മുദ്ര പത്രത്തിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ/ വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം നൽകേണ്ടതാണ് . ടെൻഡർ സമർപ്പിക്കുന്നവർ ടെൻഡർ നൽകുന്ന വേളയിൽ പേര്, ഒപ്പ്, മേൽവിലാസം എന്നിവ ടെൻഡറിൽ എഴുതിയിരിക്കണം .
4. ടെൻഡറിനോടൊപ്പം നിരതദ്രവ്യം മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുകയ്ക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ് എന്ന പേരിൽ എടുത്തത് (അമ്പലവയൽ കൊളഗപ്പാറ എസ്.ബി.ഐ യിൽ മാറുവാൻ സാധിക്കുന്നത്) ഉള്ളടക്കം ചെയ്യേണ്ടതാണ്.
5. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അ പ്പോൾ ഹാജരുള്ള ടെൻഡറുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം ആവിശ്യമെങ്കിൽ ലേലം നടത്തുന്നതാണ് . ടെൻഡർ തുകയോ , ലേലമോ ഏതാണോ കൂടുതൽ എന്ന് നോക്കി തൃപ്തികരമാണെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കൂടാതെ തന്നെ ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

.

6. ടെൻഡർ ലഭിക്കുന്ന വ്യക്തി അന്ന് തന്നെ ടെൻഡർ ലഭിച്ച മരങ്ങളുടെ വിലയുടെ ( **മരത്തിന്റെ വില + ജി.എസ്.ടി+ വനനികുതി 5%) 1/3** (മൂന്നിൽ ഒരു ഭാഗം) അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ദർഘാസ്/ലേലം ഉറപ്പിച്ച തുകയുടെ ബാക്കി ഭാഗം **15** (പതിനഞ്ച്) ദിവസത്തിനകം ഓഫീസിൽ അടച്ച് **മരങ്ങൾ** നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും നിരതദ്രവ്യം സർവകലാശാലക്ക് മുതൽക്കൂട്ടാക്കുന്നതുമാണ്.

7. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്ര തടസം ഉണ്ടാവുകയോ ചെയ്താൽ തൊട്ടടുത്ത പ്രവർത്തി ദിനത്തിൽ 11.40 am ന് ടെൻഡർ തുറക്കുന്നതാണ്.

8. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിന് ബാധകമാണ്.

9. ടെൻഡർ നിരക്കുകൾ ടെൻഡർ തീയതിമുതൽ ഒരു വർഷത്തേക്ക് ആയിരിക്കും പ്രാബല്യം.

10. ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർധിപ്പിക്കുന്നതല്ല

11. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ് . ടെൻഡർ വില, നിരതദ്രവ്യം, ടെൻഡർ ഫോമിന്റെ അസ്സൽ, എഗ്രിമെൻറ് എന്നിവ സമർപ്പിച്ചിട്ടില്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.

12. ടെൻഡറുകൾ ലഭിക്കുന്നവർ നിശ്ചിത ഫോറത്തിലുള്ള എഗ്രിമെൻറ് 200/- രൂപയുടെ മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ 3 % തുക സുരക്ഷാ നിക്ഷേപമായി നൽകേണ്ടതാണ്.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

നോട്ടീസ് ബോർഡ്
പകർപ്പ് : വിതരണത്തിന്